പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5214 — 24.10.2011- ലെ മറുപടി

## കെ.എസ്.ആർ.ടി.സി.യുടെ അടിസ്ഥാന സൗകര്യ വികസനം

<u>ചോദ്യം</u> — <u>ഉത്തരം</u>

ശ്രീ. കെ. അച്ചുതൻ
ശ്രീ. റ്റി. എൻ. പ്രതാപൻ
ശ്രീ. സി. പി. മുഹമ്മദ്
ശ്രീ. വി. ഡി. സതീശൻ

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ അടിസ്ഥാന സൗകര്യവികസനത്തിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്; | (എ) | കെ.എസ്.ആർ.ടി.സി.യുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വകയിരുത്തുന്ന തുക ഉപയോഗിച്ച് ബസ് സ്റ്റേഷൻ യാർഡ് കോൺക്രീറ്റ് ചെയ്യൽ തുടങ്ങിയ സിവിൽ വർക്കുകൾ, പുതിയ ഗ്യാരേജുകൾ നിർമ്മിക്കൽ, സ്റ്റാഫിനും യാത്രക്കാർക്കും വിശ്രമിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തൽ, ടൊയ്‌ലെറ്റ് നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br><br>കെ.എസ്.ആർ.ടി.സി.യുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 42 കോടി രൂപ വകയിരുത്തിയ 2011 - 12-ലെ വാർഷിക പദ്ധതി പ്രകാരം ചുവടെയുള്ള പദ്ധതികളാണ് നടപ്പാക്കുന്നത്. |

| | |
|---|---|
| കൊച്ചി നഗരത്തിലേക്ക് ബസ് വാങ്ങുന്നതിന് | 14 കോടി രൂപ |
| മലപ്പുറം ജില്ലയിലെ വിദ്യാർത്ഥിനികളുടെ ഗതാഗത സൗകര്യത്തിന് മാത്രമായി ബസ് വാങ്ങുന്നതിന് | 6 കോടി രൂപ |
| ജന്റർ സെൻസിറ്റീവ് സ്കീം | 5 കോടി രൂപ |

<table>
<tr><td></td><td></td><td></td><td><table>
<tr><td>അടിസ്ഥാന സൗകര്യ വികസനം</td><td>6 കോടി രൂപ</td></tr>
<tr><td>വർക്ക്ഷോപ്പുകളുടെ നവീകരണം</td><td>5 കോടി രൂപ</td></tr>
<tr><td>കംമ്പ്യൂട്ടർ വൽക്കരണവും ഇ-ഗവേണൻസും</td><td>5 കോടി രൂപ</td></tr>
<tr><td>ഡ്രൈവർമാർ, സാങ്കേതിക ജീവനക്കാർ, ഓഫീസർമാർ എന്നിവർക്കുള്ള പരിശീലനം</td><td>1 കോടി രൂപ</td></tr>
</table></td></tr>
<tr><td>(ബി)</td><td>സ്ത്രീ യാത്രക്കാർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി നടപ്പാക്കിയിട്ടുള്ളത്;</td><td>(ബി)</td><td>Gender Sensitive Scheme-എന്ന പദ്ധതി പ്രകാരം ബസ് സ്റ്റേഷനുകളിൽ വനിതാ യാത്രക്കാർക്ക് ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.</td></tr>
<tr><td>(സി)</td><td>പിന്നോക്കം നിൽക്കുന്ന പ്രദേശത്തെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസം തുടർന്നു കൊണ്ടുപോകുന്നതിന് എന്തെല്ലാം യാത്രാ സൗകര്യങ്ങൾ നൽകി വരുന്നു?</td><td>(സി)</td><td>പ്രധാനമായും മലപ്പുറം, ഇടുക്കി, വയനാട് ജില്ലകളിലെ വിദ്യാർത്ഥികൾക്കാണ് വാസസ്ഥലത്ത് നിന്നും വളരെ ദൂരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി പഠിക്കേണ്ട അവസ്ഥ സംജാതമായിട്ടുള്ളത്.<br>ഇവരുടെ സൗകര്യാർത്ഥം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസഷൻ ടിക്കറ്റുപയോഗിച്ചുള്ള വിദ്യാർത്ഥികളുടെ യാത്ര 40 കി. മീ ആയി നിജപ്പെടുത്തിയിട്ടുണ്ടെങ്കിലും 40 കി. മീ പുറത്ത് വിദ്യാർത്ഥി പഠിക്കേണ്ട സാഹചര്യം ഉണ്ടായാൽ വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനത്തിലെ പ്രധാന അദ്ധ്യാപകനിൽ നിന്നും 40 കിലോ മീറ്ററിന് അകത്ത് വിദ്യാർത്ഥി പഠിക്കുവാനുദ്ദേശിക്കുന്ന സ്ഥാപനം ഇല്ലായെന്ന സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ ദൂരപരിധി മാനദണ്ഡമാക്കാതെ കൺസഷൻ ടിക്കറ്റ് വിതരണം ചെയ്യുന്നതിന് ഇതിനകം നിർദ്ദേശം നൽകി കഴിഞ്ഞിട്ടുണ്ട്. പുറമെ</td></tr>
</table>

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥിനികളുടെ യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിലേക്കായി പുതിയ സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. ആരംഭിക്കുകയും നിലവിലുള്ളവയിൽ ചിലവ പുനക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ